കേരള സർക്കാർ

<u>സംഗ്രഹം</u>

മൃഗസംരക്ഷണ വകുപ്പ്-അധികാര വികേന്ദ്രീകരണം- മൃഗസംരക്ഷണ വകുപ്പിൽ നിന്നും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന അധികാര അവകാശങ്ങൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (മൃഗ സംരക്ഷണം-ബി) വകുപ്പ്

ജി.ഒ.(പി)നം.126/96/കൃഷി തിരുവനന്തപുരം, തിയതി, 4-3-1996

---

പരാമർശം :- 1. ജി.ഒ.(പി) നമ്പർ, 189/95/ത.ഭ.വ. തിയതി 18-9-95.

2. ജി.ഒ.(എം.എസ്) നമ്പർ, 351/95/കൃ.വ. തിയതി 13-10-95.

<u>ഉത്തരവ്</u>

മുകളിൽ പരാമർശിച്ച ഉത്തരവുകൾ പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരുന്ന ചുമതല കളും സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തു കൊണ്ട് ഉ ത്തരവായിരുന്നു.

മൃഗസംരക്ഷണ വകുപ്പിൽ നിന്നും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന അധികാര -അവകാശങ്ങൾ സംബന്ധിച്ച പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി (അനുബന്ധം 1,2,3) ചേർത്തിരിക്കുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരണമായി അവകാശങ്ങളും അധികാരങ്ങളും കൈമാറ്റം നടത്തേണ്ടതാണെന്ന് ഇതിനാൽ ഉത്തരവാകുവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

കെ. ജോസ് സിറിയക്,

സെക്രട്ടറി

## അനുബന്ധം - I

1. ജില്ലാ പഞ്ചായത്തിന് കൈമാറിയ സ്ഥാപനങ്ങളുടെ ദൈനംദിന മേൽനോട്ടം ജില്ലാ പഞ്ചായത്തിനായിരിക്കും. എന്നാൽ ഈ സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനും മേൽ നടപടികൾ കൈക്കൊള്ളുന്നതിനും ജില്ലാ മൃഗസംരക്ഷണ ഉദ്യോഗസ്ഥന്മാർക്കും സംസ്ഥാ നത്തെ മേൽ ഉദ്യോഗസ്ഥൻമാർക്കും അധികാരം ഉണ്ടായിരിക്കുന്നതാണ്. അങ്ങനെ നട

ത്തുന്ന പരിശോധന കുറിപ്പുകളുടേയും നിർദ്ദേശങ്ങളുടേയും പകർപ്പുകൾ ജില്ലാ പഞ്ചായത്തിന് നൽകേണ്ടതുമാണ്.

2. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ മേധാവികളുടെ ആകസ്മികാവധി (പകരം ജീവനക്കാരെ നിയോഗിക്കാതെ അടിയന്തിര സാഹചര്യങ്ങളിൽ വേണ്ടി വരുന്ന) അപേക്ഷകൾ അനുവദിക്കുന്നത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരിക്കും. ജീവനക്കാരുടെ ദീർഘകാല അവധിക്കുള്ള അപേക്ഷകൾ ജില്ലാ പഞ്ചായത്തിന്റെ ശുപാർശയോടെ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർമാർക്ക് നൽകേണ്ടതാണ്.

3. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാരുടെ ഒഴിവുകൾ നികത്തുന്നതും സ്ഥലം മാറ്റം നടത്തുന്നതും അധികാരപ്പെട്ട ഉദ്യോഗസ്ഥന്മായിരിക്കും. ആയതിന്റെ പകർപ്പുകൾ ജില്ലാ പഞ്ചായത്തിന് നൽകേണ്ടതുമാണ്.

4. ജില്ലാ പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ സബോർഡിനേറ്റ് സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ മേൽ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ മൃഗ സംരക്ഷണ ഓഫീസറോട് ശുപാർശ ചെയ്യുന്നതിനും പഞ്ചായത്തുകൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. സംസ്ഥാന സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ വീഴ്ചകൾക്ക് ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പു മേധാവിയോട് ശുപാർശ ചെയ്യാവുന്നതാണ്.

5. ജില്ലാ പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട ജീവനക്കാരുടെ യാത്രാക്കുറിപ്പുകൾ അംഗീകരിക്കുന്നതിനുള്ള അധികാരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനായിരിക്കും. എന്നാൽ ജില്ലാ മൃഗ സംരക്ഷണ ഓഫീസറോ വകുപ്പിലെ മറ്റ് മേൽ ഉദ്യോഗസ്ഥൻമാരോ വിളിച്ചുകൂട്ടുന്ന യോഗങ്ങളിലോ മൃഗ സംരക്ഷണ വകുപ്പ് നിർദ്ദേശിക്കുന്ന പരിശീലനത്തിനോ പങ്കെടുക്കുന്നതിന് ഈ ജീവക്കാരെ നിയോഗിക്കേണ്ടതാണ്.

6. സർക്കാർ വക കെട്ടിടങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങളുടെ വാടക, എല്ലാ സ്ഥാപനങ്ങളുടേയും വെള്ളക്കരം, വൈദ്യുതി ചാർജ്, പേസ്റ്റേജ്, ടെലഫോൺ ചാർജ് സ്ഥാപനങ്ങളിലെ മൃഗങ്ങളുടെ തീറ്റ – സംരക്ഷണം ചെലവ് എന്നീ നിത്യച്ചെലവുകൾ നടത്തേണ്ടത് ജില്ലാ പഞ്ചായത്ത് ആയിരിക്കും.

7. കൈമാറ്റം ചെയ്തു കിട്ടിയ സ്ഥാപനങ്ങളുടേയും സംസ്ഥാന കെട്ടിടങ്ങളുടേയും ജീവനക്കാരുടെ ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണികളും മറ്റ് ചെറുകിടമരാമത്ത് പണികളും നത്തുന്നതിനുള്ള അധികാരം ബന്ധപ്പെട്ട പഞ്ചായത്തിന് ഉണ്ടായിരിക്കും.

8. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുവാനും അവയിൽ അംഗീകൃത പ്ലാൻ അനുസരിച്ച് പുതിയ കെട്ടിടം, ജീവനക്കാർക്കുള്ള വസതികൾ എന്നിവ നിർമ്മിക്കുന്നതിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിന് ജില്ലാ പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കും.

9. സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസുകൾ ഉദ്യോഗസ്ഥന്മാർ ക്രമമായി വസൂലാക്കുന്നുണ്ടോ എന്നും ആയത് കാലാകാലങ്ങളിൽ ട്രഷറിയിൽ അടയ്ക്കുന്നുണ്ടോ എന്നും തിട്ടപ്പെടുത്താനും പഞ്ചായത്തിന് അധികാര ഉണ്ടായിരിക്കും.

10. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും രോഗപ്രതിരോധ വാക്സിനുകളും ബീജസങ്കലനത്തിന് ആവശ്യമായ ബീജവും മൃഗസംരക്ഷണ വകുപ്പ് ലഭ്യമാക്കുന്നതാണ്. എന്നാൽ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഫർണീച്ചറുകൾ തുടങ്ങിയ സാധനസാമഗ്രികൾ അടിയന്തിര ഘട്ടങ്ങളിൽ വേണ്ടിവരുന്ന മരുന്നുകളും വാക്സിനുകളും ഉപകരണങ്ങളും വാങ്ങുന്നതിന് പഞ്ചായത്തുകൾക്ക് അധികാരം ഉണ്ടായിരിക്കും. സ്ഥാപനങ്ങളിലെ ഉപകരണങ്ങൾക്കും ഫർണിച്ചറിനും വാഹനങ്ങൾക്കും അറ്റകുറ്റപ്പണികൾ ആവശ്യമായി വന്നാൽ അത് നടത്തുന്നതിനും ജില്ലാ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കും.

11. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ വക സ്ഥലത്തെ ഫല വൃക്ഷങ്ങളുടെ ആദായം ജില്ലാ പഞ്ചായത്തിന് എടുക്കാവുന്നതാണ്. എന്നാൽ സ്ഥാവര ജംഗമ സ്വത്തുകൾക്ക് നാശനഷ്ടം സംഭവിക്കാതെ ജില്ലാ പഞ്ചായത്ത് നോക്കേണ്ടതാണ്.

12. വാർഷിക പദ്ധതിയിൽ പ്രത്യേക ഘടക പദ്ധതിയിലും ഗിരിവർഗ്ഗ ഉപപദ്ധതിയിലും ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്തിനു നൽകുന്ന വിഹിതം ചെലവഴിക്കുന്നതിനുവേണ്ടി പദ്ധതികൾ തയ്യാറാക്കുന്നതിനും ആയത് നടപ്പാക്കേണ്ട പ്രദേശവും ഗുണഭോക്താക്കളെയും തെരഞ്ഞെടുക്കുന്നതിനും ജില്ലാ പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കും. ഈ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമെങ്കിൽ ഗ്രാമ പഞ്ചായത്തിന് കൈമാറിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരേയും നിയോഗിക്കാവുന്നതാണ്.

13. വാർഷിക പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി വിപുലീകരിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഫാമുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിന് മേൽനോട്ടം വഹിക്കുന്നതും ഫണ്ട് അനുവദിക്കുന്നതും ജില്ലാ പഞ്ചായത്ത് ആയിരിക്കും.

14. കന്നുകാലികൾ, ആട്, പന്നി, കോഴി, താറാവ്, മുയൽ, കാട എന്നീ മൃഗങ്ങളെ വിതരണം ചെയ്യുന്നതിനും കൃഷിക്കാരുടെ താറാവുകളെ ഇൻഷൂർ ചെയ്യുന്നതിനും വേണ്ടി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പ് ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ആയിരിക്കുന്നതും ആയതിന് വേണ്ടി വരുന്ന തുക ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് ഉപയോഗിച്ച് ജില്ലാ പഞ്ചായത്തിന് ചെലവഴിക്കാവുന്നതുമാണ്.

15. ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള ഫാമുകളിൽ ഉൽപ്പാദിപ്പിക്കുന്ന മൃഗങ്ങളെ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശത്തിന് അനുസൃതമായി മറ്റ് ജില്ലകൾക്കും നൽകേണ്ടതാണ്.

16. ഫാമുകളിലുള്ള ഉൽപാദനശേഷി കുറഞ്ഞ മൃഗങ്ങളെ സർക്കാർ നിയമങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായി വിൽക്കുന്നതിനും അവ മുതൽ കൂട്ടുന്നതിനും പുതിയ

മാതൃപിതൃ ശേഖരത്തെ വാങ്ങുന്നതിനും ഫാമുകളിലുള്ള മൃഗങ്ങളെ ഇൻഷ്വർ ചെയ്യുന്നതിനും ജില്ലാ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കും.

17. മൃഗങ്ങളോട് ക്രൂരത കാണിക്കുന്നത് തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും എസ്.പി.സി.എ. തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും അവയ്ക്ക് ഗ്രാന്റ് നൽകുന്നതിനും ജില്ലാ പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കും. മൃഗ സംരക്ഷണ വകുപ്പ് നേരിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ നടത്തിപ്പിന് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെ സേവനം ആവശ്യപ്പെടാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കും.

18. ജില്ലാ പഞ്ചായത്തിന് കൈമാറിയ സ്ഥാപനങ്ങളുടെ സാങ്കേതിക മേൽനോട്ടം വഹിക്കുന്നതിനും മൃഗസംരക്ഷണ പരിപാടികളുടെയും പദ്ധതികളുടേയും മേൽനോട്ടം വഹിക്കുന്നതിനും പ്രത്യേക ഉദ്യോഗസ്ഥരെ നിയമിക്കുന്നതുവരെ ജില്ലാ മൃഗസംരക്ഷണ ഓഫീസർ ആ വിധ ചുമതലകൾ നിർവ്വഹിക്കേണ്ടതും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് സാങ്കേതിക ഉപദേശം നൽകുന്നതും ആയിരിക്കും.

19. നടപ്പു വർഷം ഓരോ ജില്ലയിലും നടപ്പാക്കാനുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ജില്ലാ മൃഗ സംരക്ഷണ ഓഫീസർ ജില്ലാ പഞ്ചായത്തിനെ ഉടൻതന്നെ അറിയിക്കേണ്ടതും ആയവ പൂർണമായി നടപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്തുമായി ആലോചിച്ച് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## അനുബന്ധം II

1. ഗ്രാമപഞ്ചായത്തിന് കൈമാറിയ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളുടെ മേൽനോട്ടം ഗ്രാമപഞ്ചായത്തിനായിരിക്കും. എന്നാൽ ഈ സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനും മേൽനടപടികൾ കൈക്കൊള്ളുന്നതിനും ജില്ലാ മൃഗ സംരക്ഷണ ഓഫീസർക്കും സംസ്ഥാനത്തെ മേലുദ്യോഗസ്ഥന്മാർക്കും അധികാരം ഉണ്ടായിരിക്കുന്നതാണ്. അങ്ങിനെ നടത്തുന്ന പരിശോധനാക്കുറിപ്പുകളുടേയും നിർദ്ദേശങ്ങളുടേയും പകർപ്പുകൾ ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്.

2. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ മേധാവികളുടെ ആകസ്മികാവധി (പകരം ജീവനക്കാരെ നിയോഗിക്കാതെ അടിയന്തിര സാഹചര്യങ്ങളിൽ വേണ്ടി വരുന്ന) അപേക്ഷകൾ അനുവദിക്കുന്നത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരിക്കും. ജീവനക്കാരുടെ ദീർഘകാല അവധിയ്ക്കുള്ള അപേക്ഷകൾ ഗ്രാമപഞ്ചായത്തിന്റെ ശുപാർശയോടെ ജില്ലാമൃഗസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതാണ്.

3. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്തുന്നതും സ്ഥലം മാറ്റം നടത്തുന്നതും ആയതിന് അധികാരപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥനായിരിക്കും. അതിന്റെ പകർപ്പുകൾ ബന്ധപ്പെട്ട പഞ്ചായത്തിന് നൽകേണ്ടതാണ്.

4. കൈമാറ്റം ചെയ്യപ്പെട്ട സ്ഥലങ്ങളിലെ സബോർഡിനേറ്റ് സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ മേൽ മേജർ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ മൃഗ സംരക്ഷണ ഓഫീസർക്ക് ശുപാർശ ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് അധികാരം ഉണ്ടായിരിക്കും. സംസ്ഥാന സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ വീഴ്ച കൾക്ക് ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പ് മേധാവിയോട് ശുപാർശ ചെയ്യാവുന്നതാണ്.

5. ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ട ജീവനക്കാരുടെ യാത്രാക്കുറിപ്പുകൾ അംഗീകരിക്കുന്നതിനുള്ള അധികാരം പഞ്ചായത്ത് പ്രസിഡന്റിനായിരിക്കും. എന്നാൽ ജില്ലാ മൃഗ സംരക്ഷണ ഓഫീസറോ വകുപ്പിലെ മറ്റ് മേൽ ഉദ്യോഗസ്ഥന്മാരോ വിളിച്ചുകൂട്ടുന്ന യോഗങ്ങളിലോ മൃഗസംരക്ഷണ വകുപ്പ് നിർദ്ദേശിക്കുന്ന പരിശീലന ങ്ങളിലോ പങ്കെടുക്കുന്നതിന് ഈ ജീവക്കാരെ നിയോഗിക്കേണ്ടതാണ്.

7. കൈമാറ്റം ചെയ്തു കിട്ടിയ സർക്കാർ വക കെട്ടിടങ്ങളുടേയും ജീവനക്കാരുടെ ക്വാർട്ടേഴ്സ്കളുടെയും അറ്റകുറ്റപ്പണികളും മറ്റ് ചെറുകിടമരാമത്ത് പണികളും നത്തു ന്നതിന് പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കും.

8. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുവാനും അവയിൽ അംഗീകൃത പ്ലാൻ അനുസരിച്ച് പുതുയ കെട്ടിടം, ജീവനക്കാർക്കുള്ള വസതികൾ എന്നിവ നിർമിക്കുന്നതിന് ഭരണാനു മതിയും പ്രത്യേകാനുമതിയും നൽകുന്നതിനും പഞ്ചായത്തിന് അധികാരം ഉണ്ടായിരി ക്കും.

9. സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസുകൾ ഉദ്യോഗസ്ഥന്മാർ ക്രമമായി ഈടാക്കുന്നുണ്ടോ എന്നും ആയത് കാലാകാലങ്ങളിൽ ട്രഷറിയിൽ അടയ്ക്കുന്നുണ്ടോ എന്ന് തിട്ടപ്പെടു ത്തുവാനും പഞ്ചായത്ത് പ്രസിഡന്റിന് അധികാരം ഉണ്ടായിരിക്കും.

10. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് ആവശ്യമായ മരുന്നുകളും ഉപകരണ ങ്ങളും രോഗപ്രതിരോധ വാക്സിനുകളും ബീജസങ്കലനത്തിനാവശ്യമായ ബീജവും മൃഗസംരക്ഷണ വകുപ്പ് ലഭ്യമാക്കുന്നതാണ്. എന്നാൽ സ്ഥാപനങ്ങൾക്ക് ആവശ്യമായി വരുന്ന ഫർണിച്ചർ തുടങ്ങിയ സാധനസാമഗ്രികളും അടിയന്തിര ഘട്ടങ്ങളിൽ വേണ്ടി വരുന്ന മരുന്ന്, വാക്സിൻ, ഉപകരണങ്ങൾ എന്നിവയും വാങ്ങുന്നതിന് പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കന്നതാണ്.

11. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ വക ഭൂമിയിലുള്ള ഫലവൃക്ഷങ്ങളുടെ ആദായം എടുത്ത് മുതൽകൂട്ടാവുന്നതാണ്. എന്നാൽ സ്ഥാവര ജംഗമ സ്വത്തുക്കൾക്ക് നാശ നഷ്ടം സംഭവിക്കാതെ പഞ്ചായത്ത് നോക്കേണ്ടതാണ്.

6. കന്നുകാലി പ്രജനന പരിപാടികൾ നടപ്പാക്കുന്നതിനു വേണ്ടി കന്നുകാലികളുടെ പൊതു സംരക്ഷണത്തിന് കേരള ലൈവ്സ്റ്റോക്ക് ഇംപ്രൂവ്മെന്റ് ആക്റ്റ്, അതിനോട് ബന്ധപ്പെട്ട നിയമങ്ങൾ എന്നിവ നടപ്പാക്കുന്നതിന് സഹകരിക്കേണ്ടതാണ്. ലൈസൻസ് ഇല്ലാത്ത വിത്തുകാളകളെ കണ്ടു പിടിച്ച് വന്ധീകരിക്കുന്നതിന് നടപടി

സ്വീകരിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കും. പഞ്ചായത്തിന് കീഴിലുള്ള മൃഗാശുപത്രികളിലെ വൈറ്റനറി സർജനായിരിക്കും വിത്ത്കാളക്ക് ലൈസൻസ് നൽകാനുള്ള അധികാരം.

7. അതാത് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഐ.സി.ടി.പി. സബ്സെന്ററുകൾ കൂടുതൽ ഉപയുക്തമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കും. മാറ്റി സ്ഥാപിക്കുന്നതിന് മുൻപ് ആ വിവരം ജില്ലാമൃഗസംരക്ഷണ ഓഫീസറെ അറിയിക്കേണ്ടതാണ്.

8. മൃഗങ്ങളിൽ ഉണ്ടാകുന്ന പകർച്ചവ്യാധികൾ തടയാൻ വേണ്ടിയുള്ള പ്രതിരോധ കുത്തിവെയ്പ്പുകൾ യഥാസമയം നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക, ജനങ്ങളിൽ മൃഗ സംരക്ഷണ പരിപാടികളെക്കുറിച്ച് ബോധവൽക്കരണം നടത്താൻ ആവശ്യമായ സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ, എക്സിബിഷനുകൾ, കന്നൂകുട്ടി–കന്നുകാലി പ്രദർശനങ്ങൾ ഗോരക്ഷാ ക്യാമ്പുകൾ, വന്ധ്യതാ നിവാരണ ക്യാമ്പുകൾ സിനിമാ പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുക എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തിന് അധികാരമുണ്ടായിരിക്കും.

9. പേവിഷബാധ നിർമ്മാർജനം ചെയ്യുന്നതിന് ഉടമസ്ഥനുള്ള പട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പ് എർപ്പാട് ചെയ്യുക, അവയ്ക്ക് ലൈസൻസ് ഏർപ്പെടുത്തുക, ഉടമസ്ഥനില്ലാത്തവയെ നശിപ്പിക്കുക തുടങ്ങിയ പ്രവർത്തന പരിപാടികൾ പഞ്ചായത്ത് നടപ്പാക്കുന്നതായിരിക്കും.

10. ഗ്രാമപഞ്ചായത്തിന് കൈമാറിയ ഐ.സി.ഡി.പി. സബ്സെന്ററുകളുടെയും മറ്റ് ഉപകേന്ദ്രങ്ങളുടേയും സാങ്കേതിക മേൽനോട്ടം പഞ്ചായത്തിനുള്ളിലുള്ള മൃഗാശുപത്രിയിലെ വെറ്റിനറി സർജനോ സീനിയർ വെറ്റനറി സർജനോ ആയിരിക്കും. ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് പ്രസിഡന്റിന് ഉപദേശം നൽകുന്നതും ഈ വിധ പ്രവർത്തനങ്ങൾക്കുള്ള പഞ്ചായത്ത ബഡ്ജറ്റ് തയ്യാറാക്കുന്നതിന് സഹായിക്കുന്നതും അതാത് പഞ്ചായത്തിലെ വെറ്റിനറി സർജന്റെ/സീനിയർ വെറ്റിനറി സർജന്റെ ചുമതലയായിരിക്കും.

11. മൃഗസംരക്ഷണ വകുപ്പ് നേരിട്ട് നടപ്പാക്കുന്ന പദ്ദതികളുടെയും ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികളുടേയും നടത്തിപ്പിന് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെ സേവനം ആവശ്യപ്പെടാൻ ജില്ലാ മൃഗസംരക്ഷണ ഓഫീസർക്കും വകുപ്പിലെ മറ്റു മേലുദ്യോഗസ്ഥന്മാർക്കും അധികാരമുണ്ടായിരിക്കും.

12. നടപ്പു വർഷം ഓരോ പഞ്ചായത്തിലും നടപ്പാക്കാനുള്ള വിവിധ പരിപാടികളുടെ വിശദാംശങ്ങൾ ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഗ്രാമപഞ്ചായത്തുകളെ ഉടനെ തന്നെ അറിയിക്കേണ്ടതും ആയത് പൂർണ്ണമായി നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## അനുബന്ധം-**III**

1. മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും കൈമാറിയ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളുടെ മേൽനോട്ടം ടി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനായിരിക്കും. എന്നാൽ ഈ സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനും മേൽ നടപടികൾ കൈക്കൊള്ളുന്നതിനും ജില്ലാ മൃഗ സംരക്ഷണ ഓഫീസർക്കും സംസ്ഥാന ആസ്ഥാനത്തെ മേലുദ്യോഗസ്ഥന്മാർക്കും അധികാരം ഉണ്ടായിരിക്കുന്നതാണ്. അങ്ങനെ നടത്തുന്ന പരിശോധനാ കുറിപ്പുകളുടേയും നിർദ്ദേശങ്ങളുടേയും പകർപ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.

2. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ മേധാവികളുടെ ആകസ്മികാവധി (പകരം ജീവനക്കാരെ നിയോഗിക്കാതെ അടിയന്തിര സാഹചര്യങ്ങളിൽ വേണ്ടി വരുന്ന) അപേക്ഷകൾ അനുവദിക്കുന്നത് മുനിസിപ്പൽ ചെയർമാനോ കോർപ്പറേഷൻ മേയറോ ആയിരിക്കും. ജീവനക്കാരുടെ ദീർഘകാല അവധിയ്ക്കുള്ള അപേക്ഷകൾ ചെയർമാന്റെയോ മേയറിന്റേയോ ശുപാർശയോടെ ജില്ലാമൃഗസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതാണ്.

3. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്തുന്നതും സ്ഥലം മാറ്റം നടത്തുന്നതും ആയതിന് അധികാരപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥനായിരിക്കും. അതിന്റെ പകർപ്പുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.

4. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ സബോർഡിനേറ്റ് സർവ്വീസിൽപെട്ട ഉദ്യോഗസ്ഥന്മാരുടെ മേൽ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ മൃഗ സംരക്ഷണ ഓഫീസർക്ക് ശുപാർശ ചെയ്യുന്നതിന് മുനിസിപ്പൽ ചെയർമാനും മേയർക്കും അധികാരം ഉണ്ടായിരിക്കും. സംസ്ഥാന സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ വീഴ്ചകൾക്ക് ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പ് മേധാവിയോട് ശുപാർശ ചെയ്യാവുന്നതാണ്.

5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട ജീവനക്കാരുടെ യാത്രാക്കുറിപ്പുകൾ അംഗീകരിക്കുന്നതിനുള്ള അധികാരം ചെയർമാന്/മേയർക്ക് ആയിരിക്കും. എന്നാൽ ജില്ലാ മൃഗം സംരക്ഷണ ഓഫീസറോ വകുപ്പിലെ മറ്റ് മേലു ദ്യോഗസ്ഥൻമാരോ വിളിച്ചുകൂട്ടുന്ന യോഗങ്ങളിലോ മൃഗം സംരക്ഷണ വകുപ്പ് നിർദ്ദേശിക്കുന്ന പരിശീലനങ്ങളിലോ പങ്കെടുക്കുന്നതിന് ഈ ജീവക്കാരെ നിയോഗിക്കേണ്ടതാണ്.

6. സർക്കാർ വക കെട്ടിടങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങളുടെ വാടക, എല്ലാ സ്ഥാപനങ്ങളുടെയും വെള്ളക്കരം, വൈദ്യുതി ചാർജ്, പോസ്റ്റേജ് മുതലായവ നിത്യച്ചെലവുകൾ നടത്തേണ്ടത് മുനിസിപ്പാലിറ്റിയും കോർപ്പറേഷൻ ആയിരിക്കും.

7. കൈമാറ്റം ചെയ്തു കിട്ടിയ സർക്കാർ വക കെട്ടിടങ്ങളുടെയും ജീവനക്കാരുടെ ക്വാർട്ടേഴ്സ്കളുടെയും അറ്റകുറ്റപ്പണികളും മറ്റ് ചെറുകിടമരാമത്ത് പണികളും നടത്തുന്നതിന് മുനിസിപ്പാലിറ്റിയും കോർപ്പറേഷനും അധികാരം ഉണ്ടായിരിക്കും.

8. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുവാനും അവയിൽ അംഗീകൃത പ്ലാൻ അനുസരിച്ച് പുതുയ കെട്ടിടം, ജീവനക്കാർക്കുള്ള വസതികൾ എന്നിവ നിർമിക്കുന്നതിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിന് മുനിസിപ്പാലിറ്റിയും കോർപ്പറേഷനുമായിരിക്കും.

9. സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസുകൾ ഉദ്യോഗസ്ഥന്മാർ ക്രമമായി ഈടാക്കുന്ന എന്നും ആയത് കാലാകാലങ്ങളിൽ ട്രഷറിയിൽ അടയ്ക്കുന്നുണ്ടോ എന്ന് തിട്ടപ്പെടുത്തുവാനും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും അധികാരമുണ്ടായിരിക്കും.

10. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലേക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും രോഗപ്രതിരോധ വാക്സിനുകളും ബീജസങ്കലനത്തിനാവശ്യമായ ബീജവും മൃഗസംരക്ഷണ വകുപ്പ് ലഭ്യമാക്കുന്നതാണ്. എന്നാൽ സ്ഥാപനങ്ങൾക്ക് ആവശ്യമായി വരുന്ന ഫർണിച്ചർ തുടങ്ങിയ സാധനസാമഗ്രികളും അടിയന്തിര ഘട്ടങ്ങളിൽ വേണ്ടിവരുന്ന മരുന്ന് വാക്സിൻ ഉപകരണങ്ങൾ എന്നിവയും വാങ്ങുന്നതിന് മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും അധികാരം ഉണ്ടായിരിക്കുന്നതാണ്. സ്ഥാപനങ്ങളിലെ ഫർണിച്ചറിന്റെയും ഉപകരണങ്ങളുടെയും അറ്റകുറ്റപണികൾ വേണ്ടി വന്നാൽ ആയത് നടത്തുന്നതിന് മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും അധികാരം ഉണ്ടായിരിക്കും.

12. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ വക ഭൂമിയിലുള്ള ഫല വൃക്ഷങ്ങളുടെ ആദായം എടുത്ത് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ സ്ഥാവര ജംഗമ സ്വത്തുക്കൾക്ക് നാശനഷ്ടം സംഭവിക്കാതെ മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും നോക്കേണ്ടതാണ്.

13. കന്നുകാലി പ്രജനന പരിപാടികൾ നടപ്പാക്കുന്നതിനു വേണ്ടി കന്നുകാലികളുടെ പൊതു സംരക്ഷണത്തിന് കേരള ലൈവ്സ്റ്റോക്ക് ഇംപ്രൂവ്മെന്റ് ആക്റ്റ്, അതിനോട് ബന്ധപ്പെട്ട നിയമങ്ങൾ എന്നിവ നടപ്പാക്കുന്നതിന് മുനിസിപ്പാലിറ്റിയും കോർപ്പറേഷനും സഹകരിക്കേണ്ടതാണ്. ലൈസൻസ് ഇല്ലാത്ത വിത്തുകാളകളെ കണ്ടുപിടിച്ച് വന്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും അധികാരം ഉണ്ടായിരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള മൃഗാശുപത്രികളിലെ വെറ്റിനറി സർജനായിരിക്കും വിത്തികാളയ്ക്ക് ലൈസൻസ് നൽകുവാനുള്ള അധികാരം.

14. അതാത് മുനിസിപ്പാലിറ്റിയിലോ, കോർപ്പറേഷനിലോ സ്ഥിതി ചെയ്യുന്ന ഐ.സി.ടി.പി. സബ്സെന്ററുകൾ കൂടുതൽ ഉപയുക്തമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും അധികാരമുണ്ടായിരിക്കും. മാറ്റി സ്ഥാപിക്കുന്നതിന് മുമ്പ് ആ വിവരം മൃഗസംരക്ഷണ ഓഫീസറെ അറിയിക്കേണ്ടതാണ്.

15. മൃഗങ്ങളിൽ ഉണ്ടാകുന്ന പകർച്ചവ്യാധികൾ തടയാൻ വേണ്ടിയുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ യഥാസമയം നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക, ജനങ്ങളിൽ മൃഗ സംരക്ഷണ പരിപാടികളെക്കുറിച്ച് ബോധവൽക്കരണം നടത്താൻ ആവശ്യമായ സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ, എക്സിബിഷനുകൾ, കന്നുകുട്ടി-കന്നുകാലി പ്രദർശനങ്ങൾ ഗോരക്ഷാ ക്യാമ്പുകൾ, വന്ധ്യതാ നിവാരണ ക്യാമ്പുകൾ, സിനിമാ

പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുക എന്നിവയ്ക്ക് മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും അധികാരമുണ്ടായിരിക്കും.

16. പേവിഷബാധ നിർമ്മാർജനം ചെയ്യുന്നതിന് ഉടമസ്ഥനുള്ള പട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പ് എർപ്പാട് ചെയ്യുക, അവയ്ക്ക് ലൈസൻസ് ഏർപ്പെടുത്തുക, ഉടമസ്ഥനില്ലാത്തവയെ നശിപ്പിക്കുക തുടങ്ങിയ പ്രവർത്തന പരിപാടികൾ മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും നടപ്പാക്കുന്നതായിരിക്കും.

മുനിസിപ്പാലിറ്റിയും കോർപ്പറേഷനും കൈമാറിയ ഐ.സി.ഡി.പി. സബ്സെന്ററുകളുടെയും മറ്റ് ഉപകേന്ദ്രങ്ങളുടെയും സാങ്കേതിക മേൽനോട്ടം ടി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരാതിർത്തിയിലുള്ള മൃഗാശുപത്രിയിലെ വെറ്ററിനറി സർജനോ സീനിയർ വെറ്റനറി സർജനോ ആയിരിക്കും. മുനിസിപ്പാലിറ്റിയിലേയും കോർപ്പറേഷനിലേയും മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് ചെയർമാന് ഉപദേശം നൽകുന്നതും ഈ വിധ പ്രവർത്തനങ്ങൾക്കുള്ള പഞ്ചായത്ത് ബഡ്ജറ്റ് തയ്യാറാക്കുന്നതിന് സഹായിക്കുന്നതും അതാത് സ്ഥലത്തെ വെറ്റനറി സർജന്റെ /സീനിയർ വെറ്റനറി സർജന്റെ ചുമതലയായിരിക്കും.
17. മൃഗ സംരക്ഷണ വകുപ്പ് നേരിട്ട് നടപ്പാക്കുന്ന പദ്ധതികളുടെയും ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികളുടെയും നടത്തിപ്പിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെ സേവനം ആവശ്യപ്പെടാൻ ജില്ലാ മൃഗസംരക്ഷണ ഓഫീസർക്കും വകുപ്പിലെ മറ്റു മേലുദ്യോഗസ്ഥന്മാർക്കും അധികാരമുണ്ടായിരിക്കും.

18 നടപ്പു വർഷം ഓരോ മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും നടപ്പാക്കാനുള്ള വിവിധ പരിപാടികളുടെ വിശദാംശങ്ങൾ ജില്ലാ മൃഗസംരക്ഷണ ഓഫീസർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉടനെതന്നെ അറിയിക്കേണ്ടതും ആയത് പൂർണമായി നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.